# നവകേരള സദസ്സ് 2023 – അടിയന്തരം

LSGD/JD/PKD/6384/2023-I2

തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ്
ഡയറക്ടറുടെ കാര്യാലയം, പാലക്കാട്,
തിയ്യതി – 29/12/2023

പ്രേഷകൻ

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയരക്ടറുടെ കാര്യാലയം, പാലക്കാട്.

സ്വീകർത്താവ്

സെക്രട്ടറി

പാലക്കാട് മുൻസിപ്പാലിറ്റി

സർ

വിഷയം : നവകേരള സദസ്സ് 2023 – ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി (2) – പരാതി– റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന: ശ്രീ അബ്ദുൾ അസീസ് ഖാൻ, ബോംബെ എഞ്ചിനിയറിംഗ് വർക്ക്സ്, ഷാ ബില്ഡിംഗ് കള്ളിക്കാട്, പാലക്കാട് എന്നയാൾ നവകേരള സദസ്സ് 2023ൽ നൽകിയ പരാതി

മേൽ സൂചന പ്രകാരം ശ്രീ അബ്ദുൾ അസീസ് ഖാൻ, ബോംബെ എഞ്ചിനിയറിംഗ് വർക്ക്സ്, ഷാ ബില്ഡിംഗ് കള്ളിക്കാട്, പാലക്കാട് എന്നയാൾ പാലക്കാട് മുൻസിപ്പാലിറ്റിയിലെ ലൈസൻസ് ഫീസിലെ പിഴപലിശ ഒഴിവാക്കണമെന്നത് സംബന്ധിച്ച് നവകേരള സദസ്സ് 2023 ൽ പരാതി നൽകിയിട്ടുണ്ട്. ഈ പരാതി ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുണ്ട്. പരാതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി പരാതി സംബന്ധിച്ച വിശദമായ റിപ്പോർട്ട്, അനുബന്ധരേഖകൾ സഹിതം 03/01/2024നു മുമ്പായി ലഭ്യമാക്കേണ്ടതാണ്. നവകേരള സദസ്സിൽ വന്ന പരാതിയാകയാൽ അടുത്ത ഉപജില്ലാ സമിതി യോഗത്തിൽ തന്നെ തീർപ്പ് കല്പിക്കേണ്ടതിനാൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഉള്ളടക്കം: പരാതിയുടെ പകർപ്പ്

ഒപ്പ്

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ